## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2872 — 13.03.2018 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; നെല്ല് സംഭരണം എന്നു മുതൽ ആരംഭിച്ചുവെന്ന് അറിയിക്കാമോ; | (എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ലുസംഭരണത്തിനായിട്ടുള്ള കർഷകരുടെ രജിസ്ട്രേഷൻ 05.12.2017 ൽ ആരംഭിച്ചിട്ടുള്ളതും നെല്ല് സംസ്കരിക്കുന്നതിനായി ജില്ലയിലെ 12 മില്ലുകൾ ഉൾപ്പെടെ 50 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ലുസംഭരണം 15.01.2018 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) നെല്ല് സംഭരിക്കുവാനുള്ള ഏജൻസികളുടെ കാര്യത്തിൽ തീരുമാനമായോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) നിലവിൽ നെല്ല് സംഭരിക്കുന്നതിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയായി സപ്ലൈകോ ആണ് പ്രവർത്തിക്കുന്നത്. |
| (സി) നെല്ല് കയറ്റിറക്ക് കൂലി സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും വിശദമാക്കാമോ? | (സി) പാടത്തുനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി മാറ്റുന്നതുവരെയുള്ള കയറ്റിറക്ക് കൂലി ഉൾപ്പെടെ പ്രോസസ്സിംഗ് ചാർജ് ആയി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ മില്ലുകാർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ